മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റി വാർത്താ പത്രിക

Volume 1, Issue 5

July 2023

# Srothas Speaks

Malankara Social Service Society

Consultative Status with United Nations Social Service

mssstvm mssstvm mssstvm mssstvm www.msss.org



വാല്യം 1 | ലക്കം 5 | 2023 ജൂലൈ

# സംസ്ഥാന നെറ്റ്‌വർക്കിംഗ് മീറ്റിംഗ്




സ്പർശ് പ്രോജക്ടിന്റെ ഭാഗമായി 2023 ജൂൺ 21,22 തീയതികളിൽ മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, കേരള സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ചേർന്ന് സംസ്ഥാന നെറ്റ് വർക്കിംഗ് മീറ്റിംഗ് എം.എസ്സ്.എസ്സ്.എസ്സ് ൽ വച്ച് സംഘടിപ്പിച്ചു. സംസ്ഥാന ഡിസബിലിറ്റി കമ്മീഷണർ ശ്രീ പഞ്ചാബ കേശവൻ, സംസ്ഥാന സോഷ്യൽ ജസ്റ്റീസ് വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീ സുബാഷ് കുമാർ, സോഷ്യൽ സെക്യൂരിറ്റി മിഷൻ സംസ്ഥാന കോർഡിനേറ്റർ ശ്രീ മനോജ് കുര്യൻ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. സെൻസ് ഇന്റർ നാഷണൽ ഇന്ത്യയുടെ പ്രതിനിധിയായി ശ്രീ അമിത്, കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ശ്രീമതി ഷൈല തോമസ്, പ്രോജക്ട് കോർഡിനേറ്റർ ശ്രീ അർജ്ജുൻ പി ജോർജ്, സെൻസ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

# ഹെലൻ കെല്ലർ ഡേ ആഘോഷിച്ചു




ഹെലൻ കെല്ലറുടെ 143 ജന്മവാർഷികത്തിന്റെ ഭാഗമായി മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റി യുടെ സ്പർശ് പ്രോജക്ടിൻ്റെ ഭാഗമായി സ്വസ്തി ഫൗണ്ടേഷൻ, ദിവ്യ പ്രഭ കണ്ണാശുപത്രി, കെ ഐ എം ആർ സഹകരണത്തോടെ കുമാരപുരം ബഥാനി റീഹാബിലിറ്റേഷൻ സെൻററിൽ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. ഡോ. ഡേവിൻ പ്രഭാകരൻ ക്യാമ്പ് ഉദ്ഘാടനം ചെയ്ത് നേതൃത്വം നൽകി. സ്വസ്തി ഫൗണ്ടേഷൻ ട്രസ്റ്റി അഡ്വ. അമ്പിളി ജേക്കബ് മുഖ്യപ്രഭാഷണം നടത്തി. എം എസ് എസ് എസ് പ്രൊജക്റ്റ് കോർഡിനേറ്റർ അർജ്ജുൻ പി ജോർജ്, സി. ക്ഷേമ തുടങ്ങിയവർ സംസാരിച്ചു. സ്പർശ് പ്രൊജക്റ്റ് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരായ ജയച്ചിത്ര എം എസ്, ബൃന്ദ അജിത്ത്, സുപ്രഭ എസ് എന്നിവർ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

# സ്റ്റാഫ് മീറ്റിംഗ്



2023 ജൂലൈ 1 ന് എം.എസ്സ്.എസ്സ്.എസ്സ് ന്റെ ഡയറക്ടറായ ബഹു.വർഗ്ഗീസ് കിഴക്കേകരയുടെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തപ്പെട്ടു. ഓരോ പ്രോജക്ടിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു വിലയിരുത്തൽ നടത്തി.

# ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 70-ാം ഓർമ്മപെരുന്നാൾ








മലങ്കര സുറിയാനി കത്തോലിക്ക സഭ ദൈവദാസൻ ആർച്ച ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ 70–ാം ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് പട്ടം സെന്റ്മേരീസ് കത്തീഡ്രൽ കബർ ചാപ്പലിൽ വച്ചു നടക്കുന്ന പ്രാർത്ഥന ശുശ്രൂഷയിൽ 2023 ജൂലൈ 4 ന് മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. വർഗ്ഗീസ് കിഴക്കേക്കര, ഫിനാൻസ് ഓഫീസർ സിസ്റ്റർ മരിയ ഗൊരേത്തി, സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കുചേർന്നു.

# SAFP ( സേവ് എ ഫാമിലി പ്ലാൻ)- മോണിറ്ററിംഗ് വിസിറ്റ്











2023 ജൂലൈ 5 ന് സേവ് എ ഫാമിലിയുടെ ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വെങ്ങാനൂരിലെ 7 ഭവനങ്ങളിൽ മോണിറ്ററിംഗ് വിസിറ്റ് നടത്തുകയുണ്ടായി. കോർഡിനേറ്റർ ശ്രീമതി ആര്യ മോൾ എസ് നേതൃത്വം നൽകി.

# പ്രദർശന സ്റ്റാൾ - സ്പർശ് പ്രോജക്ട്








2023 ജൂലൈ 15 ന് ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് എം.എസ്സ്.എസ്സ്.എസ്സ് ന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പർശ് ബധിരാന്ധത പ്രോജക്ട് അംഗങ്ങൾ അവരുടെ വെക്കേഷണൽ പരിശീലനത്തിന്റെ ഭാഗമായി നിർമ്മിച്ച മെഴുക്തിരികൾ, വിം, ഫിനോയിൽ, അലങ്കാര വസ്തു ക്കൾ തുടങ്ങിയവ ഉൾക്കൊള്ളിച്ച് പട്ടം സെന്റ്മേരീസ് ക്യാമ്പസിൽ സ്റ്റാൾ ഇടുകയും വിപണനം നടത്തുക യും ചെയ്തു. സ്പെഷ്യൽ എഡ്യൂക്കേറ്റർ സായ ശ്രീമതി സുപ്രഭ, ശ്രീമതി ബൃന്ദ, ശ്രീമതി സൽമ അബ്രഹാം എന്നിവർ സ്റ്റാളിന്റെ പ്രവർത്തനങ്ങൾക്ക് നേതൃ ത്വം നൽകി.

## Donate

Scan QR code for Digital Payment

The Director Malanka trivandrum

ഈ പദ്ധതികളുടെ വിജയത്തിനായി നിങ്ങൾക്കും കൈകോർക്കാം.

ജീവനം ക്യാൻ കെയർ

സ്പർശ്

സ്നേഹ സുരക്ഷ

സ്നേഹവിരുന്ന്

സേവ് എ ഫാമിലി പ്ലാൻ
SAFPI

You can donate
to MSSS and get a tax benefit
under section 80 G of the Income Tax Act.

## Donate Now and Make a Difference

You can donate us for our
charitable and social causes.
Join us on a journey and see how your financial support
transforms the lives of marginalized people.

**You can donate every month or annually.**

Eligible donations are exempted under Section 80 G of the Income Tax Act, 1961

Bank Account Details (Local)
The Director Malankara Social Service Society
Bank Account Number: 0298-02767224-190001
Bank: CSB Bank, Pattom Branch
IFSC: CSBK0000298

Contact donor relation desk:
09946697764, 07012017473

Malankara Social Service Society

**Malankara Social Service Society (MSSS),**
**Srothas,**
**St. Mary's Campus, Pattom P.O**
**Trivandrum – 695004**
**Kerala, India**
**Mob: +91 7012017473**
**Email: info@msss.org**
**Website: www.msss.org**

FOLLOW US

msstvm
msstvm
msstvm
msstvm